**File No.SJD/1711/2020-E9**


സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :06/05/2020
Email -swdkerala@gmail.com
Phone : 0471 - 2306040


## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ 06/09/2019 ലെ ഇ 9/17066/18 നമ്പർ സർക്കുലർ

ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് തയ്യാറാക്കുന്ന സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാർ തുടർച്ചയായ മൂന്നു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് KS & SSR ചട്ടം 28(b) (i) (4) വ്യവസ്ഥ ചെയ്യുന്നുണ്ട് . സാമൂഹ്യനീതി വകുപ്പിലെ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരും ചുവടെ ചേർത്തിട്ടുള്ള നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരും ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി തുടർച്ചയായി മൂന്നു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുണ്ട്.

1. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II
2. സോഷ്യൽ സയന്റിസ്റ്റ്
3. സൂപ്പർവൈസർ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ
4. ജൂനിയർ സൂപ്രണ്ട്
5. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II

ഈ സാഹചര്യത്തിൽ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ എല്ലാ ജീവനക്കാരും മേൽപരാമർശിച്ച തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരും 2017,2018,2019 വർഷങ്ങളിലേയും 2020 ഏപ്രിൽ മാസം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിംഗ് , റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി **21/05/2020 ന് മുൻപായി** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളോടും കൂടെ റിപ്പോർട്ടിംഗ് ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയ സെൽഫ് അസ്സസ്സ്മെന്റ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. സൂചിത സർക്കുലറിന്റെ അടിസ്ഥാനത്തിൽ 30-09-2019 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ അവശേഷിക്കുന്ന കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം അയയ്ക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട (ഇ 9) സീറ്റിൽ ലഭിച്ചെന്ന് ജീവനക്കാർ ഉറപ്പാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാരെ ഡിപിസി കൂടുമ്പോൾ പ്രൊമോഷന് പരിഗണിക്കുന്നതല്ല . ആയതിനാൽ

**File No.SJD/1711/2020-E9**

ഓരോ ജീവനക്കാരനും യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ കാര്യാലയത്തിൽ ലഭ്യമാകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ വിവരം വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും ബന്ധപ്പെട്ട ജീവനക്കാർ വെബ്ബ്സൈറ്റ് പരിശോധിച്ച് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമായ വിവരം ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാർ തങ്ങളുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയമേധാവി മുഖേന)

**പകർപ്പ്**

1. എല്ലാ കാര്യാലയമേധാവികൾക്കും
2. സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
4. ഡയറക്ടറുടെ സിഎ യ്ക്ക്
5. ഇ 6 സീറ്റ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.